ട്രാൻസ്പോർട്ടിംഗ് ചാർജ് (കയറ്റി ഇറക്കുകൂലി ഉൾപ്പടെ) അധിക ഓരോ കിലോമീറ്റർ ദൂരത്തിനുമുള്ള ട്രാൻസ്പോർട്ടിംഗ് ചാർജ് എന്ന കണക്കിൽ)

(എഫ്) റദ്ദാക്കപ്പെട്ട ടെൻഡറിലെ നിബന്ധന പോൾ നിർമ്മിക്കുന്നതിന് ആവശ്യമായ സിമെന്റും കമ്പിയും ബോർഡുതന്നെ കരാറുകാർക്ക് ലഭ്യമാക്കികൊടുക്കും എന്നുള്ളതായിരുന്നു. എന്നാൽ ടി മെറ്റീരിയൽസിന്റെ കൈമാറ്റം സംസ്ഥാനത്തിനുള്ളിലെ ഒരു വിൽപ്പനയായി കണക്കാക്കി വില്പന നികുതി ഈടാക്കാം എന്ന് സമാനമായ ഒരു കേസിൽ സുപ്രീം കോടതിവിധിയുടെ അടിസ്ഥാനത്തിൽ ബോർഡിന് ഉപദേശം ലഭിച്ച സാഹചര്യത്തിലും ഒരുകരാറുകാരന് ഒന്നിൽ കൂടുതൽ വർക്ക് ലഭിക്കുന്ന അവസരത്തിൽ ബോർഡ് അധിക നിരക്കിൽ എക്സൈസ് തീരുവ അടയ്ക്കേണ്ടിവരുന്നതിനാൽ ടെൻഡറിന്റെ മൂല്യനിർണ്ണയം സങ്കീർണ്ണമാകുകയും ചെയ്ത സാഹചര്യത്തിലുമാണ് ടെൻഡർ റദ്ദാക്കുവാൻ നിർബന്ധിതമായത് എന്നാണ് ബോർഡ് അറിയിച്ചിട്ടുള്ളത്. പുതിയ ടെൻഡറിൽ പോസ്റ്റുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ സിമന്റും കമ്പിയും കരാറുകാർ തന്നെ ശേഖരിച്ച് ഉപയോഗിക്കണമെന്ന വ്യവസ്ഥ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ജി) സുപ്രീംകോടതി വിധിയുടെ പകർപ്പ് ഇതോടൊപ്പം വച്ചിട്ടുണ്ട്. (അനുബന്ധം 2)+

(എച്ച്) പോസ്റ്റുകൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിലേയ്ക്കായി വിവിധ കരാറുകാർക്ക് നൽകിയ റേറ്റിന്റെ വിശദവിവരങ്ങൾ അനുബന്ധം 3-ൽ ചേർത്തിട്ടുണ്ട്.

വൈദ്യുതി ബോർഡിലെ മെമ്പർമാരുടെ എണ്ണം

83 (3484)പ്രൊഫ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി രണ്ടാം ഘട്ട പദ്ധതിയുടെ മൊത്തം അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രോജക്ടിന്റെ കൺസൾട്ടന്റായി എസ്.എൻ.സി.ലാവലിൻ കമ്പനിയെ എന്നാണ് നിയമിച്ചത്;

(സി) ബി.എച്ച്.ഇ.എൽ. ഇത് സംബന്ധിച്ച് ഇലക്ട്രിസിറ്റി ബോർഡിന് എഴുതിയ കത്തിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത വർക്ക് ഏത് കമ്പനിക്ക് എന്തു തുകയ്ക്കാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) ഇത് സംബന്ധിച്ച് ടെണ്ടർ വിളിച്ചിരുന്നോ; ഏതെല്ലാം കമ്പനികളാണ് ടെണ്ടറിൽ പങ്കെടുത്തതെന്നും എന്തു തുകയാണ് അവർ ഓരോന്നും കാട്ട് ചെയ്തതെന്നും വ്യക്തമാക്കാമോ;

(എഫ്) ഈ പ്രോജക്ടിന്റെ പ്രവർത്തനത്തിൽ വന്ന ക്രമക്കേടുകളെക്കുറിച്ച് പത്രമാദ്ധ്യമങ്ങളിൽ വന്ന ആരോപണങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) പ്രസ്തുത ആരോപണം സംബന്ധിച്ച് പവർ സെക്രട്ടറി അന്വേഷിക്കും എന്ന് മന്ത്രി നിയമസഭയിൽ നൽകിയ ഉറപ്പ് പാലിച്ചിട്ടുണ്ടോ;

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) എങ്കിൽ പ്രസ്തുത അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുമോ?

ഉത്തരം

(എ) കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ (2 x 50 മെഗാവാട്ട്) പദ്ധതിയുടെ പ്രോജക്ട് എസ്റ്റിമേറ്റ് 220.5 കോടി രൂപയാണ്.

(ബി) കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ (2 x 50 മെഗാവാട്ട്) പദ്ധതിയുടെ കൺസൾട്ടന്റായി ആരെയും നിയമിച്ചിട്ടില്ല.

(സി) ബി.എച്ച്.ഇ.എൽ ഇതു സംബന്ധിച്ച് ഇലക്ട്രിസിറ്റി ബോർഡിന് കത്തൊന്നും എഴുതിയിട്ടില്ല. ഗ്ലോബൽ ടെൻഡറിൽ ബി.എച്ച്.ഇ.എൽ പങ്കെടുത്തിട്ടുണ്ട്.

(ഡി & ഇ) ടെണ്ടർ നടപടികൾ പൂർത്തിയായിട്ടില്ല. താഴെപ്പറയുന്നവയാണ് ടെണ്ടറിൽ പങ്കെടുത്ത കംപനികൾ.

1) ആൻസ്തോം ഹൈഡ്രോളിക്.

2) ട്രാക്ടിബെൽ എൻജിനീയറിംഗ് ഇന്റർനാഷണൽ.

3) ബി.എച്ച്.ഇ.എൽ. ആന്റ് എൽ.ആന്റ്.ടി

4) എസ്.എൻ.സി. ലാവലിൻ.

5) ചൈന മെഷിനറി ഇംപോർട്ട് ആന്റ് എക്സപോർട്ട് കോർപ്പറേഷൻ.

ടെണ്ടർ നടപടി പൂർത്തിയാകുന്ന മുറയ്ക്കേ തുക വ്യക്തമാക്കാനാവു.

(എഫ്-എച്ച്) ഈ പ്രോജക്ടിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. മെസ്സേഴ്സ് ചൈന നാഷണൽ മെഷിനറി ആന്റ് എക്വിപ്മെന്റ് ഇംപോർട്ട് ആന്റ് എക്സ്പോർട്ട് കോർപ്പേറഷൻ (സി.എം.ഇ.എൽ ആന്റ് സി.ഡബ്ല്യു, എച്ച്. ഇ.എൽ) എന്ന കംപനിയെ പ്രീ ക്വാളിഫൈചെയ്യാത്തതു സംബന്ധിച്ച് ആരോപണത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിക്കാൻ പവർ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയുണ്ടായി.

സെക്രട്ടറിയുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബോർഡ് ഒരു കമ്മിറ്റിയെ ഇതു സംബന്ധിച്ച് പരിശോധിക്കാൻ നിയോഗിക്കുകയും കമ്മിറ്റി പരിശോധിച്ച് ചൈനീസ് കംപനിയെ കൂടി പ്രീ ക്വാളിഫൈ ചെയ്യാൻ തീരുമാനിക്കുകയും, പ്രസ്തുത തീരുമാനം ബോർഡ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

വൈദ്യുതി ബോർഡിലെ മെമ്പർമാരുടെ എണ്ണം

84 (3485)ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :

ശ്രീ. നാലകത്ത് സൂപ്പി :

ശ്രീ. കെ.പി.എ. മജീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ ഇപ്പോൾ എത്ര അംഗങ്ങൾ ഉണ്ട്; അവർ ആരെല്ലാം;

(ബി) ഓരോരുത്തർക്കും ശമ്പളം മറ്റാനുകൂല്യങ്ങൾ എന്നീ ഇനങ്ങളിൽ എത്ര രൂപ നൽകുന്നുണ്ടെന്നു വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly